"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - എറണാകുളം ഞാറയ്ക്കൽ ലിറ്റിൽ ഫ്ലവർ ഹൈസ്കൂളിലെ എച്ച്.എസ്.ടി (മലയാളം) ശ്രീമതി.ജിഷ.കെ.എ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C)No.37315/2023 മേലുള്ള വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1362/2026/GEDN തീയതി,തിരുവനന്തപുരം, 17-02-2026

പരാമർശം:-
1) 16.06.2022 ലെ സ.ഉ. (സാധാ) നം.3617/2022/പൊ.വി.വ.
2) WP(C) 37315/2023 നമ്പർ കേസിലെ 11.06.2024 ലെ വിധിന്യായം.
3) എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18.10.2024 ലെ ബി3/3297/2023 നമ്പർ കത്ത്.
4) എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 18.10.2024 ലെ DDEEKM/7728/2024-B2 നമ്പർ കത്ത്.
5) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18.10.2024 ലെ ഡി.ജി.ഇ/17814/2024-ഇസി3 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ഞാറയ്ക്കൽ ലിറ്റിൽ ഫ്ലവർ ഹൈസ്കൂളിലെ എച്ച്.എസ്.ടി (മലയാളം) ശ്രീമതി.ജിഷ.കെ.എ തന്റെ 07.07.2004 മുതൽ 30.06.2005 വരെയുള്ള നിയമനം വിദ്യാഭ്യാസ അധികൃതർ നിരസിച്ചതിനെതിരെ സർക്കാരിൽ റിവിഷൻ പെറ്റീഷൻ സമർപ്പിക്കുകയും തുടർന്ന് ബഹു. ഹൈക്കോടതിയിൽ WP(C)No.3644/2021 പ്രകാരം കേസ് ഫയൽ ചെയ്യുകയുമുണ്ടായി. പ്രസ്തുത കേസ് പരിഗണിച്ച ബഹു. കോടതിയുടെ 01.03.2021 ലെ വിധിന്യായം നടപ്പിലാക്കി പുറപ്പെടുവിച്ച പരാമർശം (1) സർക്കാർ ഉത്തരവിൽ, പരാതിക്കാരിയുടെ 07.07.2004 മുതൽ 30.06.2005 വരെയുള്ള അവധി ഒഴിവിലെ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ അംഗീകരിക്കാൻ സാധിക്കുകയുള്ളൂ എന്ന് വ്യക്തമാക്കി റിവിഷൻ ഹർജി തീർപ്പാക്കിയിരുന്നു. ടി സർക്കാർ ഉത്തരവിനെതിരെ ശ്രീമതി.ജിഷ.കെ.എ വീണ്ടും ബഹു. ഹൈക്കോടതിയിൽ WP(C)No.37315/2023 പ്രകാരം കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസ് പരിഗണിച്ച ബഹു. കോടതി, വിദ്യാഭ്യാസ അധികൃതർ നിരസിച്ച ഉത്തരവുകളും (എക്സിബിറ്റ് പി3, പി4, പി5), പരാമർശം (1) സർക്കാർ ഉത്തരവും (എക്സിബിറ്റ് പി13) റദ്ദ് ചെയ്യുകയും പരാതിക്കാരിയ്ക്കും മാനേജർക്കും ഹിയറിംഗിന് അവസരം നൽകി വിധിപ്പകർപ്പ് ലഭിച്ച് മൂന്നു മാസത്തിനകം തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ച് പരാമർശം (2) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചു. കൂടാതെ ടി വിഷയത്തിൽ തീരുമാനമെടുക്കുമ്പോൾ WP(C) No.32706/2005 ലെ 27.07.2006 ലെ വിധിന്യായം, WP(C)No.16821/2008 ലെ 20.06.2008 ലെ വിധിന്യായം, WP(C)No.30595/2007 ലെ 10.07.2008 ലെ വിധിന്യായം, WP(C)No.17175/2008 ലെ 23.03.2012 ലെ വിധിന്യായം, Decision reported in 2012(3) KLT 54 (Sreelekha V Manoj) dated 01.06.2012 (എക്സിബിറ്റ് പി7-

പി11) എന്നിവ കൂടി പരിഗണിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ബഹു. കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ പ്രതിനിധിയ്ക്കും മാനേജർക്കും ഹിയറിംഗിന് അവസരം നൽകി.

2. ഹർജിക്കാരിയുടെ വാദങ്ങൾ ചുവടെ പറയും പ്രകാരമാണ്:-

"എറണാകുളം ഞാറക്കൽ എൽ.എഫ്.എച്ച്.എസ്-ൽ ശ്രീമതി.കെ.എ. ജിഷ യെ 07.07.2004 മുതൽ 30.06.2005 വരെ എച്ച്.എസ്.ടി (മലയാളം) ആയി ശ്രീമതി. ജിനിമോൾ.ടി.ജോൺ ന്റെ അവധി ഒഴിവിൽ നിയമിക്കുകയുണ്ടായി. 15.06.2004 ലെ സ.ഉ.(പി)നം.169/2004/പൊ.വി.വ ഉത്തരവ് പ്രകാരം നിയമനം ഒരു അക്കാദമിക്ക് വർഷം ഇല്ലെന്ന കാരണത്താൽ വിദ്യാഭ്യാസ അധികൃതർ നിരസിക്കുകയുണ്ടായി. 15.06.2004 ലെ സ.ഉ.(പി)നം.169/2004/പൊ.വി.വ ഉത്തരവിന് 16.04.2005 ലെ സ.ഉ(പി)നം. 121/2005/പൊ.വി.വ ഗസറ്റ് തീയതി 27.04.2005 മുതൽക്ക് മാത്രമേ പ്രാബല്യം വന്നിട്ടുള്ളൂ. ആയതിനാൽ കെ.ഇ.ആർ 14 എ അദ്ധ്യായം 7 (എ) (3)-ൽ ഭേദഗതിക്ക് മുമ്പുള്ള ചട്ട പ്രകാരം "vacancies the duration of which is two months or less shall not be filled up by appointment" തന്റെ നിയമനം നിയമപരമായി നിലനിൽക്കുന്നതാണ്. ഒരു സ്റ്റാറ്റ്യൂട്ടറി നിയമം ഒരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെ മറികടക്കുവാൻ പാടില്ലായെന്ന് ബഹു. ഹൈക്കോടതിയുടെ WP(C)No.32706/2005 ലെ 27.07.2006 ലെ വിധിന്യായം, WP(C)No.16821/2008 ലെ 20.06.2008 ലെ വിധിന്യായം, WP(C)No.30595/2007 ലെ 10.07.2008 ലെ വിധിന്യായം, WP(C)No.17175/2008 ലെ 23.03.2012 ലെ വിധിന്യായം, Decision reported in 2012(3) KLT 54 (Sreelekha V Manoj) dated 01.06.2012 എന്നിവയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. സ്ഥിരം ഒഴിവിൽ അദ്ധ്യയന വർഷത്തിന്റെ ഇടയിൽ നടത്തിയ നിയമനങ്ങളും ശമ്പള സ്കെയിലിൽ അംഗീകരിക്കാവുന്നതാണെന്ന് 14.10.2015 ലെ 44977/ജെ2/2013/പൊ.വി.വ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. മേൽ കോടതിവിധികളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ശ്രീമതി.കെ.എ.ജിഷ യുടെ 07.07.2004 മുതൽ 30.06.2005 വരെയുള്ള എച്ച്.എസ്.ടി (മലയാളം) തസ്തികയിലെ അവധി ഒഴിവിലെ നിയമനം ശമ്പള സ്കെയിലിൽ അംഗീകരിച്ച് നൽകുന്നതിന് ഉത്തരവാകണം."

3. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ പ്രകാരം, എറണാകുളം ഞാറയ്ക്കൽ എൽ.എഫ്. എച്ച്.എസ്-ലെ എച്ച്.എസ്.ടി. (മലയാളം) ശ്രീമതി. ജിനിമോൾ.ടി.ജോൺ 01.07.2004 മുതൽ 30.06.2005 വരെ ശൂന്യവേതനാവധിയിൽ പ്രവേശിച്ച ഒഴിവിലേയ്ക്ക് 07.07.2004 മുതൽ 30.06.2005 വരെ ശ്രീമതി.ജിഷ.കെ.എ.യെ മാനേജർ നിയമിച്ചു. ശ്രീമതി. ജിനിമോൾ. ടി.ജോണിന്റെ ശൂന്യവേതനാവധി അനുവദിക്കാതിരുന്നതിനാൽ ഒഴിവ് വ്യവസ്ഥാപിതമല്ലാത്തതിനാലും അവധി ഒഴിവ് ഒരു അക്കാദമിക വർഷം അധികരിക്കാത്തതിനാൽ 15.06.2004 ലെ ജി.ഒ.(പി)നം.169/2004/പൊ.വി.വ പ്രകാരം പരിഗണിക്കാനാവാത്തതിനാലും എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം നിരസിച്ചു. ഇതിനെതിരെ മാനേജർ സമർപ്പിച്ച അപ്പീൽ വിദ്യാഭ്യാസ ഉപഡയറക്ടറും പൊതുവിദ്യാഭ്യാസ ഡയറക്ടറും നിരസിച്ചു. തുടർന്ന് ശ്രീമതി. ജിഷ.കെ.എ. ഫയൽ ചെയ്ത WP(C)No.3644/2021 ന്മേലുള്ള വിധിയുടെ അടിസ്ഥാനത്തിൽ ടിയാളെ നേരിൽ കേൾക്കുകയും അവധി ഒഴിവിലെ നിയമനം ഒരു അക്കാദമിക വർഷം തികഞ്ഞിട്ടില്ലാത്തതിനാലും, ബഹു. സുപ്രീം കോടതിയുടെ Civil Appeal Nos. 518-519 of 2016 in SLP(C)Nos. 31794-31795/4 with Civil appeal No.520/16 in SLP(C)No.33104/14 dated 27/01/2016 വിധിന്യായത്തിൽ KER Amendment ന മുൻപ്

നിയമിതരായ അദ്ധ്യാപകർക്കും 51 എ അവകാശം സിദ്ധിക്കുന്നതിന് ഒരു അക്കാദമിക വർഷത്തെ സേവനം ആവശ്യമാണെന്ന് ഉത്തരവായിട്ടുള്ളതിനാലും, ശ്രീമതി. ജിഷ.കെ.എ.യുടെ 07.07.2004 മുതൽ 30.06.2005 വരെയുള്ള അവധി ഒഴിവിലെ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിന് 16.06.2022 ലെ സ.ഉ. (സാധാ) നം.3617/2022/പൊ.വി.വ പ്രകാരം നിർദ്ദേശം നൽകി സർക്കാരിൽ സമർപ്പിച്ചിരുന്ന റിവിഷൻ ഹർജി തീർപ്പാക്കിയും വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. State of Kerala Vs Sneha Cheriyan കേസിലെ ബഹു. സുപ്രീംകോടതി വിധിനടത്തിപ്പുമായി ബന്ധപ്പെട്ട് 14.10.2015 ലെ 44977/ജെ2/2013/പൊ.വി.വ നമ്പർ കത്ത് പ്രകാരം സ്ഥിരം ഒഴിവിൽ അദ്ധ്യായന വർഷത്തിന്റെ ഇടയിൽ നടത്തിയ നിയമനങ്ങളും ശമ്പള സ്കെയിലിൽ അംഗീകരിക്കാവുന്നതാണ്. കെ.ഇ.ആർ അദ്ധ്യായം 14എ 7 എ (3) ലെ ഒരു വർഷത്തിൽ താഴെയുള്ള ഒഴിവുകൾ നികത്താൻ പാട്ടുള്ളതല്ലെന്ന വ്യവസ്ഥയ്ക്ക് കെ.ഇ.ആർ ഭേദഗതി വരുത്തിയ 16.04.2005 മുതൽ മാത്രമേ പ്രാബല്യമുള്ളൂ. ബഹു. ഹൈക്കോടതി WP(C)No.37315/2023 ലെ 11.06.2024 ലെ വിധിന്യായത്തിൽ EXT P7 മുതൽ EXT P11 വരെയുള്ള വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ റിവിഷൻ ഹർജി പുന:പരിശോധിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും മേൽപ്പറഞ്ഞ വിധിന്യായങ്ങൾ എല്ലാം തന്നെ ചട്ട ഭേദഗതിയ്ക്ക് പകരമായി എക്സിക്യൂട്ടീവ് ഉത്തരവുകളെ ഉപയോഗിക്കാനാവില്ലെന്ന് വ്യക്തമാക്കുന്നവയായതിനാൽ തന്നെ 16.04.2005 ലെ ഭേദഗതി ഉത്തരവിന് പകരമായി 15.06.2004 ലെ ജി.ഒ.(പി)നം. 169/2004/പൊ.വി.വ ഉത്തരവ് കണക്കാക്കാനാകില്ല. മേൽ സാഹചര്യത്തിൽ, ശ്രീമതി ജിഷ.കെ.എ യുടെ 07.07.2004 മുതൽ 30.06.2005 വരെയുള്ള അവധി ഒഴിവിലെ എച്ച്.എസ്.ടി (മലയാളം) തസ്തികയിലെ നിയമനം ശമ്പള സ്കെയിലിൽ അംഗീകാര യോഗ്യമാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. ഹിയറിംഗിൽ ഉയർന്ന വാദഗതികളുടേയും ലഭ്യമായ റിപ്പോർട്ടുകളുടേയും നിലവിലുള്ള ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. എറണാകുളം ഞാറയ്ക്കൽ എൽ.എഫ്. എച്ച്.എസ്-ലെ എച്ച്.എസ്.ടി. (മലയാളം) ശ്രീമതി. ജിനിമോൾ.ടി.ജോൺ 01.07.2004 മുതൽ 30.06.2005 വരെ ശൂന്യവേതനാവധിയിൽ പ്രവേശിച്ച ഒഴിവിലേക്കാണ് 07.07.2004 മുതൽ 30.06.2005 വരെ ശ്രീമതി.ജിഷ.കെ.എ.യെ മാനേജർ നിയമിച്ചിരിക്കുന്നത്. കെ.ഇ.ആർ അധ്യായം 14എ ചട്ടം 1(1) പ്രകാരം ഒരു ഒഴിവ് ആവിർഭവിക്കുമ്പോൾ യോഗ്യതയുള്ളവരെ അതാത് കാലത്തെ സർക്കാർ ഉത്തരവുകൾക്കു വിധേയമായി മാനേജർ നിയമനം നടത്തണമെന്ന് വ്യക്തമായി പ്രതിപാദിക്കുന്നു. ശ്രീമതി. ജിഷ.കെ.എ യുടെ നിയമനം 07.07.2004 മുതൽ 30.06.2005 വരെയായതിനാൽ 15.06.2004 ലെ ജി.ഒ(പി) 169/2004/പൊ.വി.വ. യിലെ നിർദ്ദേശമാണ് ബാധകമാക്കേണ്ടത്. ശ്രീമതി ജിഷ കെ.എ യുടെ അവധി ഒഴിവിലെ നിയമനം ഒരു അക്കാദമിക വർഷം (സ്കൂൾ തുറക്കുന്ന തീയതി മുതൽ അടയ്ക്കുന്ന തീയതി വരെ) തികഞ്ഞിട്ടില്ലാത്തതുമാണ്. ബഹു. സുപ്രീംകോടതിയുടെ Civil appeal Nos. 518-519 Of 2016 in SLP (C) Nos. 31794-31795/14 with Civil appeal No. 520/16 in SLP (C) No. 33104/14 dated 27.01.2016 വിധിന്യായത്തിൽ KER Amendment ന് മുമ്പ് നിയമിതരായ അദ്ധ്യാപകർക്കും 51എ അവകാശം സിദ്ധിക്കുന്നതിനു ഒരു അക്കാദമിക വർഷത്തെ സേവനം ആവശ്യമാണ് എന്നും ഉത്തരവായിട്ടുണ്ട്. കൂടാതെ State of Kerala Vs Sneha Cheriyan കേസിൽ ബഹു. സുപ്രീം കോടതി വിധിനടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാർ 14.10.2015 ലെ 44977/ജെ2/2013/പൊ.വി.വ നമ്പർ കത്ത് പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുള്ളതുമാണ്. Exhibit P7 മുതൽ P11 വരെ പരാമർശിച്ചിട്ടുള്ള കോടതി വിധികൾ പ്രകാരം

ഒരു അക്കാദമിക വർഷം പൂർത്തിയാക്കാത്ത കക്ഷികൾക്ക് ശമ്പളസ്കെയിലിൽ നിയമനം അംഗീകരിച്ചു കൊണ്ടും, 51 A അവകാശം നൽകിക്കൊണ്ടും ഉള്ള സർക്കാർ ഉത്തരവുകൾ ഒന്നും തന്നെ ഹാജരാക്കിയതായി കാണുന്നില്ല എന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്.

5. മേൽ സാഹചര്യത്തിൽ, ഞാറയ്ക്കൽ ലിറ്റിൽ ഫ്ലവർ ഹൈസ്കൂളിലെ ശ്രീമതി.കെ.എ.ജിഷ യുടെ 07.07.2004 മുതൽ 30.06.2005 വരെയുള്ള എച്ച്.എസ്.ടി (മലയാളം) തസ്തികയിലെ അവധി ഒഴിവിലെ നിയമനം, 15.6.2004 ലെ സ.ഉ (പി) നം.169/04/പൊ.വി.വ ഉത്തരവിലെ വ്യവസ്ഥകൾ ലംഘിച്ച് നടത്തിയിട്ടുള്ളതിനാൽ, ടി നിയമനം ശമ്പള സ്കെയിലിൽ അംഗീകരിക്കണമെന്ന ആവശ്യം നിരസിച്ചും അപ്രകാരം പരാമർശം (2) വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR D
അണ്ടർ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ജഗതി, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, എറണാകുളം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, എറണാകുളം.
മാനേജർ/ശ്രീമതി ജിഷ.കെ.എ, എച്ച്.എസ്.ടി (മലയാളം),
എൽ.എഫ്.എച്ച്.എസ്,, ഞാറയ്ക്കൽ, എറണാകുളം-682 505.
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Shajahan. S
Date: 17-02-2026 15:23:48

സെക്ഷൻ ഓഫീസർ